മൂലധനചെലവ് 3852.92 കോടി രൂപയായിരുന്നു. പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിലൊന്നുംതന്നെ ലക്ഷ്യമിട്ട മൂലധനചെലവ് നടത്താൻ യഥാർത്ഥത്തിൽ കഴിഞ്ഞിട്ടില്ല. വിവിധ സ്രോതസ്സുകളിൽനിന്നും കടം എടുക്കുന്ന തുക സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത്. കൂടാതെ കടമെടുക്കുന്ന തുകയുടെ ഒരു ഭാഗം റവന്യൂ ചെലവുകൾ നേരിടുന്നതിനും വിനിയോഗിക്കാറുണ്ട്.

(ജി) 2015 മാർച്ച് അവസാനം റവന്യൂ കമ്മിയും ജി.എസ്.ഡി.പി. യുമായുള്ള വ്യത്യാസത്തിന്റെ ശതമാനം പൂജ്യമാക്കുവാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം നടത്തിക്കൊണ്ടും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും 2011-ൽ ധവളപത്രം പുറപ്പെടുവിച്ചിരുന്നു.

മഞ്ചേശ്വരം ചെക്ക്പോസ്റ്റ് വികസനം

109 (1849) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം ചെക്ക് പോസ്റ്റ് വികസനത്തിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്ത് കൈമാറിയിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എൻ.എച്ച്- 66 -ൽ ചെക്ക് പോസ്റ്റിനടുത്ത് വാഹനങ്ങൾ നിർത്തുക വഴി ഗതാഗതക്കുരുക്കും അപകട മരണങ്ങളും വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 17-9-2008 തീയതിയിലെ ഗവൺമെന്റ് ഉത്തരവ്, G.O. (Ms)No.179/08/TD പ്രകാരം 4.56 ഏക്കർ ഭൂമിയും 7-4-2009 തീയതിയിലെ ഗവൺമെന്റ് ഉത്തരവ്, G.O.(Ms)No.66/09/TD പ്രകാരം 4.77 ഏക്കർ ഭൂമിയും (ആകെ 9.33 ഏക്കർ) ഏറ്റെടുത്ത് വാണിജ്യ നികുതി വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) സംയോജിത ചെക്ക്പോസ്റ്റിന്റെ നിർമ്മാണത്തിനായി NATPAC നെക്കൊണ്ട് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തരം NATPAC-നെ കൺസൾട്ടൻസിയായി അംഗീകരിച്ച് ഒരു മാർഗ്ഗദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി ഇപ്പോൾ വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ സ്ഥിതി ചെയ്യുന്ന എക്സൈസ് ചെക്ക്പോസ്റ്റ് പുതിയ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് അവിടെനിന്നും മാറ്റി സ്ഥാപിച്ച് വാണിജ്യ നികുതി വകുപ്പിന് അധികമായി രണ്ട് കൗണ്ടറുകൾകൂടി ഇവിടെ പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗതാഗത നിയന്ത്രണത്തിനായി രണ്ട് പോലീസുകാരുടെ സേവനവും ഹൈവേ പട്രോൾ വാഹനത്തിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

നികുതിപിരിവ് കാര്യക്ഷമമാക്കാൻ നടപടി

110 (1850) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിപിരിവ് കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) നികുതിപിരിവ് സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിലനിലവാരം സംബന്ധിച്ച വിവരശേഖരണത്തിനായി വില നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നികുതി കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹന വകുപ്പ്

നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly